285. മിസ്റ്റർ കെ. എം. ഇബ്രാഹിം.—പുല്ലൂറവ് ലേബർ സ്കൂളിനും എറിയാട് എ. എം. ഐ. എസ്സ്. സ്കൂളിലെ നാലാം ക്ലാസ്സിനും ഫ്രാറ്റ ഇടവം മുതൽ എയിഡു കൊടുക്കാമെന്നു ഡയറക്ടർ കല്പന കൊടുത്തിട്ട് അതുപ്രകാരം കൊടുക്കാതെ ഫ്രാവു ഇടവം മുതൽ മാത്രം എയിഡു കൊടുക്കുവാനുള്ള കാരണം എന്താണ്?

മിസ്റ്റർ ഐ. എൻ. മേനോൻ.—ടി ക്ലാസ്സുകൾക്ക് ഫ്രാറ്റ ഇടവം മുതൽ എയിഡു കൊടുക്കുന്നതാകുന്നു എന്നു് ഒരു കല്പന ഡയറക്ടർ അയച്ചിട്ടില്ല. ക്ലാസ്സുകൾ തൃപ്തികരമായി നടത്തുന്നതായാൽ എയിഡു തരാമെന്നും അധികം താമസിക്കാതെ തരാമെന്നും ബഡ്ജറ്റിൽ പണമുണ്ടായാൽ തരാമെന്നും മറുപടികൾ മാനേജർമാർക്കു കൊടുത്തിട്ടുണ്ട്. ഫ്രാറ്റ ഇടവം മുതൽ ടി ക്ലാസ്സുകൾക്ക് എയിഡു കൊടുക്കുന്നതിനു ഗവർമ്മെണ്ടിലേക്കു ശുപാർശചെയ്തിരുന്നു. പക്ഷെ ഫ്രാവു ലെ "കൊടുങ്ങല്ലൂർ ബഡ്ജറ്റിൽ" പണമില്ലാഞ്ഞതിനാൽ ഗവർമ്മെണ്ടിനു് അതു സ്വീകരിപ്പാൻ കഴിഞ്ഞില്ല. ഫ്രാറ്റ ലെ ബഡ്ജറ്റിൽ ആവശ്യമുള്ള പണം നീക്കിവെക്കുകയും ടി ക്ലാസ്സുകൾക്ക് ഫ്രാവു ഇടവം മുതൽക്ക് എയിഡു കൊടുക്കുകയും ചെയ്തു.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—കൊടുങ്ങല്ലൂരിന്റെ സാമ്പത്തിക നില എങ്ങിനെ നന്നാക്കാമെന്നാണ് ഗവർമ്മെന്റു വിചാരിക്കുന്നതു്?

മിസ്റ്റർ ഐ. എൻ. മേനോൻ:—ഇതിനു മുമ്പിലത്തെ ചോദ്യത്തിൽ പെടാത്ത തരത്തിൽ കൊടുങ്ങല്ലൂരിന്റെ പൊതു സാമ്പത്തികനിലയെ ഒന്നു നന്നാക്കുവാനുള്ള വഴിയാണ് മെമ്പർ ചോദിച്ചതു്. അതിനു് ഇപ്പോൾ ഒരു ഉത്തരം പറയുവാൻ സാധിക്കയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—കൊടുങ്ങല്ലൂരിനു് ആവശ്യമായ എല്ലാസംഗതികളെക്കുറിച്ചും പറയുമ്പോൾ പതിനായിരത്തിപരിമുവ്വായിരം പ്രാവശ്യം കൊടുങ്ങല്ലൂരിന്റെ സാമ്പത്തികാധഃപതനത്തെക്കുറിച്ചു് ഗവർമ്മെന്റുപറയുന്നുണ്ട്. ഈ വളരെ പ്രാവശ്യം അതിനെക്കുറിച്ചു പറഞ്ഞിട്ടും ആലോചിച്ചിട്ടുംകൂടി അതിൽ കായ്മയായിട്ട് എന്തെങ്കിലും ചെയ്യുവാൻ ഗവർമ്മെന്റു വിചാരിച്ചിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്.

Rama Varmha Tampuran:—The only possible way is by reducing expenditure wherever possible and with a view to that object, very earnest steps were taken. From the Diwan's office, several suggestions were framed and sent both to the Diwan Peishkar and the Comptroller of Accounts for their remarks and on receipt of them action has been taken in a few cases so that expenditure on routine matters may be reduced and the amount so realised be again utilised for works of public utility, for the opening of new classes, for the opening of new roads, or works of that kind.

LIBRARY ARCHIVES Kerala Legislative Assembly

This question is one which has been engaging the attention of the Government very seriously and all possible action has been taken. This was done only about 6 months back. As a result of the remarks offered by the Comptroller of Accounts and the Diwan Peishkar, some minor retrenchment was found possible.

Mr. K. M. Ibrahim:—What kind of retrenchment, please?

Rama Varmha Tampuran:—Certain clerks have been reduced and the cost debited to the State expenditure. Similarly, we are now incurring some expenditure towards the up-keep of the Post and Telegraph Office. Some steps are being taken for reducing the expenditure without affecting the efficiency of the Office. What we can do is very small. But that is all what the situation allows us to do. Anyhow, this is a question that is being attended to by the Government.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—ഗവെർമെന്റ് തോട്ടത്തു് പാടങ്ങിനു് എന്നാണുപോകുന്നതു്. കൊടുങ്ങല്ലൂരിലെ സാമ്പത്തികനില നന്നാക്കുവാൻ മാറിക്കൊടുത്തതും എന്നു ചോദിച്ചതിനു് അവിടത്തെ മരാമത്തിലും സൂക്ഷിപ്പായ മറ്റു മുറപ്പാടുകളുമൊന്നും മുടക്കുവാൻ പോകുന്നില്ലെന്നാണു് പറയുന്നതു്.

Rama Varmha Tampuran:—What I said was that attempts were made to reduce the expenditure on routine matters so that the amount so realised might be utilised for the works of the kind which the Hon'ble Member has in view. The idea is not to harass works of public utility.

Mr. K. M. Ibrahim:—To be on the real point, will you give us our share of the custom's revenues?

Rama Varmha Tampuran:— That question has been answered.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—കൊടുങ്ങല്ലൂർ സ്റ്റേറിന്റെ ചില ഉദ്യോഗസ്ഥർ കൊടുങ്ങല്ലൂരിൽ പെടാത്ത ഈ സ്റ്റേറിനെ മാറ്റാഭാഗങ്ങളിൽ വരണി ചെയ്യുകയും കൊടുങ്ങല്ലൂർ കച്ചേരിയിൽനിന്നും ശമ്പളം വാങ്ങുകയുമല്ലേ ചെയ്യുവരുന്നതു്?

രാമവർമ്മതമ്പുരാൻ.—എന്തു് ആഫീസാപ്പീരിയാണു്?

മിസ്റ്റർ കെ. എം. ഇബ്രാഹിം.—എടവിലങ്ങു, മൂകാംപുരം എന്നീ രണ്ടു സ്ഥലങ്ങൾതന്നെ ഇതിൽ കാര്യമായി പറയാം. ഇങ്ങിനെയുള്ള കാര്യങ്ങളിൽ കൊടുങ്ങല്ലൂരിലെ ഓഫീസിനെ വകവച്ചു കൊടുക്കുവാൻ എന്താണു വിരോധം?

രാമവർമ്മതമ്പുരാൻ.—എനിക്കാണു് ഈവക കാര്യങ്ങളിൽ കുറേയൊക്കെ അറിയാം. ബാക്കി. വ്യവഹാരങ്ങളെല്ലാം വരും. രണ്ടും കൂടുള്ള

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്ന രാജ്യങ്ങൾ തമ്മിലോ മാനേജ്മെന്റിൽ കൂ
ടുതൽ നാഗിക അവിടെയും ഇവിടെയുമായി ചില വ്യത്യാസങ്ങൾ
വരുമായിരിക്കാം. അതു ഒരു അന്യായമാണെന്നോ ഗ്യാവ് പ്രിൻസിപ്പി
ളിന്റെ ലംഘിക്കുന്നില്ലെന്നോ പറയുന്നതു ശരിയല്ല.

മിസ്റ്റർ കെ. വി. ഇബ്രാഹിം.—കൊടുക്കുന്നതിനു പ്രത്യേകിച്ച് ഒരു
ബന്ധവും വെക്കുവാൻ വല്ല വിരോധവുമുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇല്ലെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. വി. ഇബ്രാഹിം.—എന്തുകൊണ്ടു നിവൃത്തിച്ചില്ല? നി
വൃത്തിയില്ലെന്നു പറയുന്നതു് ഒരു കാരണമാണോ?

രാമവർമ്മതമ്പുരാൻ.—അതു വേറെ ഒരു ഡിഫറൻസ് പ്രിൻസിപ്പിളാ
ണിതു്. പക്ഷേ ഒരുപക്ഷത്തോടുള്ളതാണു്. അതു് മാറുവാൻ തരമില്ല.
നിലവിലിരുന്നതും കൊച്ചിയും തിരുവിതാംകൂറും തമ്മിലൊരു അനുപോ
ലെയാണു് കൊച്ചിയും കൊടുക്കുന്നതും.

മിസ്റ്റർ കെ. വി. ഇബ്രാഹിം.—പുതിയകാലാവസ്ഥയ്ക്കനുയോജ്യമായ തിരു
വിതാംകൂറും കൊച്ചിയും പോലെയാണോ ഈ രണ്ടു ഗവൺമെന്റുകളുടേയും നില
കൊണ്ടാണു് ഇനിയും ഗുപ്തമായ സന്ദിഗ്ദ്ധാവസ്ഥയെന്നു മതി തിരുവാഴ്ചിരി
ക്കുന്നതു്?

രാമവർമ്മതമ്പുരാൻ.—അതിനു തക്ക കാരണങ്ങൾ ഉണ്ടു്. മറ്റു പല
കാരണങ്ങളാൽ അതു ഈ കൊച്ചി ഗവൺമെന്റുമായി സംബന്ധിക്കുന്നിടത്തു തി
രുവിതാംകൂർ അതു രണ്ടും തെറ്റാണെന്നു് അഭിപ്രായപ്പെടുവാൻ തരമില്ല. അങ്ങിനെ അഭി
പ്രായം രണ്ടു ഗവൺമെന്റും തന്നുകയില്ല. രണ്ടുംരണ്ടു തിരിച്ചുകയ ഇല്ല.

മിസ്റ്റർ കെ. വി. ഇബ്രാഹിം.—രണ്ടും ഒന്നിപ്പിക്കുവാൻ നടപടി
കാർ ആരാഞ്ഞു?

രാമവർമ്മതമ്പുരാൻ.—രണ്ടും രണ്ടായി നിലനിന്നുപോരുന്നതു തന്നെ
നല്ലു് വിചാരമാണു്.

മിസ്റ്റർ കെ. വി. ഇബ്രാഹിം.—ഭരണസൗകര്യത്തിലേക്കുവേണ്ടിയാ
ണോ ഇങ്ങിനെ രണ്ടായിരിച്ചിരിക്കുന്നതു്?

രാമവർമ്മതമ്പുരാൻ.—അല്ല; കൊച്ചിയും തിരുവിതാംകൂറിനു
മുള്ള അനുപോലെയാണു് ഈ രണ്ടും വേർപെട്ടു നില്ക്കുന്നതു്. അതു
കൊണ്ടു് രണ്ടും ഒന്നിച്ചാക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. വി. ഇബ്രാഹിം.—കൊച്ചിയും തിരുവിതാംകൂറിനു
മുള്ള പോലെയാണോ ഇതു്?

രാമവർമ്മതമ്പുരാൻ.—ചില കാരണങ്ങളാൽഅങ്ങിനെതന്നെയാണു്.

മിസ്റ്റർ കെ. വി. ഇബ്രാഹിം.—കൊച്ചിയുടേയും കൊടുങ്ങല്ലൂരിന്റേ
യും കാര്യത്തെക്കുറിച്ചുള്ള ചോദ്യത്തിനു് കൊച്ചിയുടേയും തിരുവിതാംകൂ
റിന്റേയും ബന്ധം പിരിഞ്ഞു പിടിച്ചതു പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മത്തമ്പുരാൻ.—പണം ഇടപെട്ട കായ്ങ്ങളിൽ തിരുവിതാംകൂറിനും കൊച്ചിക്കും എന്തു ബന്ധമുണ്ടോ ആ ബന്ധമേ കൊച്ചിക്കും കൊടുങ്ങല്ലൂരിനും ഉള്ളൂ.

286. മിസ്റ്റർ കെ. എം. ഇബ്രാഹിം.—സ്റ്റേറിൽ ഫ്രഞ്ചുൽ തുടങ്ങിയ സ്കൂളുകൾക്കും പുതിയ ക്ലാസ്സുകൾക്കും കൊടുങ്ങല്ലൂർ ഒഴിച്ചു ബാക്കിയുള്ള സ്കൂളുകൾക്ക് എയിഡു കൊടുത്തിട്ടില്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ.—കൊടുത്തിട്ടുണ്ട്.

Commercial teachers in Government Service.

287. Mr. K. T. Mathew:— Will the Government be pleased to state:—

(a) how many commercial teachers in Government service have passed Higher Examination in typing;

(b) the names of those teachers who have passed the examination referred to above; and.

(c) the total number of commercial teachers now in Government service ?

Mr. I. N. Menon:— (a) 4.

(b) 1. M. Sankarankutti Menon, 2. N. K. Venkateswara Ayyar, 3. A. V. Narayana Ayyar, 4. P. R. Venkatarama Ayyar.

(c) 14.

Bridge—Maniamakka Thodu.

288. മിസ്റ്റർ ഇസ്മായിൽഹാജി ഈസ്സാ സേട്ട്.—(a) മാണിയാമാക്കത്തോട്ടിൽ ഉടനെ ഒരു പാലം ഉണ്ടാക്കുവാൻ സാധിക്കുമോ;

(b) അതിനുവേണ്ടി എന്തെല്ലാം നിവേദനങ്ങളും ഹർജികളും കിട്ടീട്ടുണ്ട്?

മിസ്റ്റർ പി. വി. രാമ്പേൽ:—(a) ഇക്കൊല്ലത്തെ ബഡ്ജറിൽ പണം അനുവദിച്ചിട്ടില്ലാത്തതിനാൽ പാലം ഉടനെ പണിയുന്നതിനു നിവൃത്തിയില്ല.

(b) മേലതറ പഞ്ചായത്തു വഴി ഒരു ഹർജി കിട്ടിയിട്ടുണ്ട്.

Padakulam Road.

289. മിസ്റ്റർ ഇസ്മായിൽഹാജി ഈസ്സാ സേട്ട്.—(a) പടാകുളം റോഡിനെ കിടക്കെ ആറാം മൈലും കുട്ടിമുട്ടിയ്ക്കുന്നതിനെ ഉദ്ദേശവും കൊച്ചിസർക്കാരിനുണ്ടോ;

(b) അതിലേയ്ക്ക് മൊത്തം മുതലായവ ചിലവുചെയ്യുവാൻ ശേഖരിച്ചു വച്ചിട്ടുള്ള കാര്യമെന്തായി?

മിസ്റ്റർ വി. കെ. അവിരാമമേനോൻ.—(a) പടാകുളം റോഡിനെ ആറാമത്തെമൈലിനു തെക്കുവശത്തു റോഡിലേക്കുള്ള വഴി ഏതു സ്ഥലത്തു മുട്ടിയാണു പോകുന്നതെന്നുള്ള സംഗതിയെപ്പറ്റി അന്വേഷണങ്ങൾ ഉണ്ടായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly